ഹരിയാന: എംഎൽഎമാരുടെ കാറിൽ ഇനി ചുവപ്പുകൊടി

ചണ്ഡിഗഡ്: കേന്ദ്ര സർക്കാർ നിർദേശത്തിന്റെ ഭാഗമായി മൂന്നു വർഷം മുൻപ് ഒഴിവാക്കിയ 'വിഐപി മുദ്രകൾ' പിൻവാതിലിലൂടെ തിരിച്ചുകൊണ്ടുവരാൻ ഹരിയാന സർക്കാർ. എംഎൽഎമാരുടെ വാഹനങ്ങളിൽ നിന്ന് ഒഴിവാക്കിയ ചുവപ്പു ബീക്കണ് പകരം ചുവപ്പുകൊടി സ്ഥാപിക്കാനാണു സർക്കാർ തീരുമാനം. സാമാജികരുടെ ഔദ്യോഗിക വാഹനത്തിലും സ്വകാര്യ വാഹനത്തിലും ഹരിയാന നിയമസഭയുടെ മുദ്രയോടു കൂടിയ ചുവപ്പുകൊടിയാണു സ്ഥാപിക്കുക. അടുത്തമാസം സഭാ സമ്മേളനം ആരംഭിക്കും മുൻപേ ഇതു നടപ്പാകും.

എന്നാൽ, ഇതു വിഐപി സംസ്കാരം തിരികെക്കൊണ്ടുവരുന്നതിന്റെ ഭാഗമല്ലെന്നാണ് സ്പീക്കർ ഗ്യാൻ ചന്ദ് ഗുപ്തയുടെ വാദം. റോഡിൽ എംഎൽഎയുടെ വാഹനം തിരിച്ചറിയപ്പെടുകയും അവർക്ക് അർഹിക്കുന്ന ബഹുമാനം ഉറപ്പാക്കുകയുമാണ് ഉദ്ദേശ്യമെന്ന് ഗുപ്ത. സാമാജികരെ ജനങ്ങൾ തിരിച്ചറിയുന്നതിൽ ഒരു തെറ്റുമില്ലെന്ന് ഹരിയാന മന്ത്രി അനിൽ വിജ്.

2017ൽ കേന്ദ്ര മന്ത്രിസഭയാണ് പ്രധാനമന്ത്രിയുടേതടക്കം വാഹനങ്ങളിൽ നിന്ന് ചുവപ്പു ബീക്കൺ നീക്കം ചെയ്യാൻ തീരുമാനിച്ചത്. എല്ലാ ഇന്ത്യൻ പൗരന്മാരും രാജ്യത്തിന് വിഐപികൾ തന്നെയാണെന്നായിരുന്നു സുപ്രധാന തീരുമാനമെടുത്തതിനു കാരണമായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചത്.

ടിപ്പുവിനെ പാഠപുസ്തകത്തിൽ നിന്നു 'വെട്ടാനുള്ള' തീരുമാനം മരവിപ്പിച്ചു

ബംഗളൂരു: ഏഴാം ക്ലാസിലെ സാമൂഹ്യപാഠ പുസ്തകത്തിൽ നിന്നു ടിപ്പു സുൽത്താന്റെയും പിതാവ് ഹൈദർ അലിയുടെയും ചരിത്രം നീക്കാനുള്ള തീരുമാനം കർണാടക സർക്കാർ മരവിപ്പിച്ചു. ഇക്കാര്യത്തിൽ അന്തിമ തീരുമാനമായില്ലെന്നു കർണാടക വിദ്യാഭ്യാസ മന്ത്രിയുടെ ഓഫിസ്. ഈ അക്കാഡമിക വർഷം എത്ര അധ്യയന ദിവസം ലഭിക്കുമെന്നത് അറിഞ്ഞശേഷമേ തീരുമാനമെടുക്കൂ എന്നും മന്ത്രിയുടെ ഓഫിസ് അറിയിച്ചു.

നേരത്തേ, ഏഴാം ക്ലാസിലെ സാമൂഹ്യപാഠ പുസ്തകത്തിൽ നിന്നു കർണാടക സർക്കാർ ടിപ്പു സുൽത്താന്റെയും പിതാവ് ഹൈദർ അലിയുടെയും ചരിത്രം നീക്കിയതിനെതിരേ കോൺഗ്രസ് രംഗത്തെത്തിയിരുന്നു. കൊവിഡ് 19 നെത്തുടർന്നു സിലബസ് വെട്ടിക്കുറച്ചതിന്റെ ഭാഗമായാണ് പതിനെട്ടാം നൂറ്റാണ്ടിലെ വിവാദ ഭരണാധികാരിയുടെയും പിതാവിന്റെയും ചരിത്രം പറയുന്ന ഭാഗങ്ങൾ നീക്കിയത്. എന്നാൽ, ആറ്, 10 ക്ലാസുകളിൽ ഇവരെക്കുറിച്ചുള്ള ചരിത്രഭാഗങ്ങൾ നിലനിർത്തിയിട്ടുണ്ട്.

ഹൈദർ അലി, ടിപ്പു സുൽത്താൻ എന്നിവരെക്കുറിച്ചും മൈസൂരിലെ ചരിത്ര പ്രാധാന്യമുള്ള പ്രദേശങ്ങളെക്കുറിച്ചും പറയുന്ന ഏഴാംക്ലാസ് സാമൂഹ്യപാഠ പുസ്തകത്തിലെ അഞ്ചാം അധ്യായമാണ് ഒഴിവാക്കിയതെന്നായിരുന്നു കർണാടക ടെക്സ്റ്റ് ബുക്ക് സൊസൈറ്റിയുടെ വെബ്സൈറ്റിൽ അറിയിച്ചിരുന്നത്. ആറും പത്തും ക്ലാസുകളിൽ ടിപ്പുവിനെക്കുറിച്ചു പഠിക്കുന്നുണ്ടെന്നും ഈ സാഹചര്യത്തിലാണ് കൊവിഡ് മൂലം അധ്യയന വർഷം തന്നെ പ്രതിസന്ധിയിലായിരിക്കെ ഏഴാം ക്ലാസിലെ പാഠഭാഗം ഒഴിവാക്കിയതെന്നും അധികൃതർ. ടിപ്പുവിനെ പ്രകീർത്തിക്കുന്ന പാഠഭാഗങ്ങൾ നീക്കണമെന്ന ബിജെപിയുടെ ആവശ്യം പരിശോധിക്കാൻ അടുത്തിടെ സംസ്ഥാന സർക്കാർ വിദഗ്ധ സമിതിയെ നിയോഗിച്ചിരുന്നു. എന്നാൽ, കോൺഗ്രസ് നേതാവും കർണാടക പിസിസി അധ്യക്ഷനുമായ ഡി.കെ. ശിവകുമാർ ഇതിനെതിരേ രംഗത്തെത്തുകയും ചെയ്തു. ബിജെപിയുടെ രാഷ്ട്രീയ അജൻഡയാണ് ടിപ്പു സുൽത്താനെതിരായ പ്രചാരണങ്ങൾക്കു പിന്നിലെന്നാണ് ശിവകുമാറിന്റെ ആക്ഷേപം. ചരിത്രം മാറ്റിമറിക്കരുതെന്നും ശിവകുമാർ.

ഇതരമതവിഭാഗങ്ങളെ പീഡിപ്പിക്കുകയും അവരുടെ ആരാധനാലയങ്ങൾ തകർക്കുകയും ചെയ്ത മതഭ്രാന്തനാണ് ടിപ്പുവെന്നാണ് ബിജെപിയുടെ ആരോപണം. എന്നാൽ, ശ്രീരംഗപട്ടണത്തു ബ്രിട്ടീഷുകാരോട് ഏറ്റുമുട്ടി മരിച്ച ടിപ്പു ധീര ദേശാഭിമാനിയെന്നാണ് മറുവിഭാഗം വാദിക്കുന്നത്. ബിജെപി സർക്കാർ അധികാരമേറ്റതോടെ ടിപ്പുവിന്റെ പേരിലുള്ള എല്ലാ ആഘോഷങ്ങളും നിർത്തലാക്കിയിരുന്നു.അതേസമയം, ആറു മുതൽ പത്തു വരെ ക്ലാസുകളിലെ സിലബസിൽ നിന്നു ക്രിസ്തുവിന്റെയും നബിയുടെയും വചനങ്ങളും മുഗൾ, രജപുത്ര ചരിതവും പൂർണമായി ഒഴിവാക്കാനും തീരുമാനിച്ചിരുന്നു.

ഒന്നും മിണ്ടാതെ ബൊൽസൊനാരോ

ബ്രസീലിയ: കൊവിഡ് മുക്തനായ ബ്രസീലിയൻ പ്രസിഡന്റ് ഹയർ ബൊൽസൊനാരോ അതിനു ശേഷം ആദ്യത്തെ പൊതുചടങ്ങിൽ പങ്കെടുത്തത് ഒരക്ഷരം പോലും മിണ്ടാതെ. പ്രസിഡൻഷ്യൽ പാലസിലായിരുന്നു ചടങ്ങ്. സാധാരണയായി പാലസിലെ ചടങ്ങുകളിൽ അവസാനമാണു പ്രസിഡന്റ് സംസാരിക്കാറ്. എന്നാൽ, ഇത്തവണ സംസാരിക്കാൻ അദ്ദേഹം വിസമ്മതിച്ചു. ചടങ്ങിലുടനീളം ബൊൽസൊനാരോ മാസ്ക് ധരിച്ചിരുന്നു. ലാറ്റിൻ അമെരിക്കയുടെ വിവിധ ഭാഗങ്ങളിൽ ഗ്രാമീണ സേവനമനുഷ്ഠിക്കുന്ന വനിതകളെ ആദരിക്കുന്നതിനായിരുന്നു ചടങ്ങ്.

കൊവിഡ് വൈറസിനെ നിസാരമെന്നു വിശേഷിപ്പിച്ചിരുന്നതാണ് ബൊൽസൊനാരോ. ഇതു ലോകശ്രദ്ധ നേടുകയും ചെയ്തിരുന്നു. മാസ്ക് ധരിക്കാതെ അനുയായികൾക്കൊപ്പം സവാരിക്കിറങ്ങി വരെ കൊവിഡിനെ പേടിക്കേണ്ട എന്ന സന്ദേശം നൽകിയിരുന്നു അദ്ദേഹം. ജൂലൈ ഏഴിനാണ് ബൊൽസൊനാരോയ്ക്ക് കൊവിഡ് സ്ഥിരീകരിച്ചത്. പിന്നീട് രണ്ടാഴ്ചക്കാലം പ്രസിഡന്റിന്റെ വസതിയിൽ തന്നെയായിരുന്നു. യോഗങ്ങളിൽ വിഡിയോ കോളിലൂടെ പങ്കെടുത്തു.

താൻ രോഗമുക്തനായെന്ന് കഴിഞ്ഞ ശനിയാഴ്ചയാണ് ബൊൽസൊനാരോ വ്യക്തമാക്കിയത്. നേരിയ ലക്ഷണങ്ങൾ മാത്രമേ അദ്ദേഹത്തിനുണ്ടായിരുന്നുള്ളൂ എന്നാണു പറയുന്നത്. ഹൈഡ്രോക്സി ക്ലോറോക്വിൻ കൊവിഡ് ചികിത്സയ്ക്ക് സഹായിച്ചുവെന്നും ബൊൽസൊനാരോ പറഞ്ഞു. യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപിനെപ്പോലെ കൊവിഡ് ചികിത്സയിൽ ഹൈഡ്രോക്സി ക്ലോറോക്വിന്റെ വക്താവാണ് ബൊൽസൊനാരോയും.

ദേശീയ വിദ്യാഭ്യാസ നയം: യോജിച്ചും വിയോജിച്ചും വിദഗ്ധർ

ന്യൂഡൽഹി: കേന്ദ്ര മന്ത്രിസഭ അംഗീകരിച്ച പുതിയ ദേശീയ വിദ്യാഭ്യാസ നയത്തോട് അക്കാഡമിക, വിദഗ്ധ തലങ്ങളിൽ സമ്മിശ്ര പ്രതികരണം. ഏറെക്കാലമായി ആവശ്യപ്പെടുന്ന പരിഷ്കരണമെന്നും പുതിയ വഴി തുറക്കുന്നതെന്നും ഒരു വിഭാഗം വിലയിരുത്തി. എന്നാൽ, വിശദാംശങ്ങളിലേക്ക് ഇറങ്ങിച്ചെന്നാൽ പല പ്രശ്നങ്ങളും ഒളിച്ചിരിക്കുന്നതു കാണാമെന്നാണ് മറുവിഭാഗത്തിന്റെ വാദം. \

അഞ്ചാം ക്ലാസ് വരെ വിദ്യാഭ്യാസം മാതൃഭാഷയിൽ, ബോർഡ് പരീക്ഷകളുടെ സ്വഭാവത്തിൽ മാറ്റം, വിദേശ സർവകലാശാലകൾക്ക് ഇന്ത്യയിൽ ക്യാംപസുകൾ തുടങ്ങാനുള്ള അനുമതി, നിയമ പഠനത്തിലും മെഡിക്കൽ രംഗത്തുമൊഴികെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പൂർണമായി ഏക നിയന്ത്രണ സംവിധാനം, സർവകലാശാലാ പ്രവേശനത്തിനു പൊതു പ്രവേശന പരീക്ഷ തുടങ്ങിയ നിരവധി നിർദേശങ്ങൾ ഉൾക്കൊള്ളുന്നതാണ് പുതിയ നയം.

ഉന്നത വിദ്യാഭ്യാസ രംഗത്ത് പുതിയ നയം നാഴികക്കല്ലാകുമെന്ന് ഐഐടി ഡൽഹി ഡയറക്റ്റർ രാംഗോപാൽ റാവു പ്രതികരിച്ചു. എല്ലാ മന്ത്രാലയങ്ങളുടെയും പങ്കാളിത്തത്തോടെ ദേശീയ ഗവേഷണ നിധി രൂപീകരിക്കുന്നത് നമ്മുടെ ഗവേഷണങ്ങളെ കൂടുതൽ ഗുണപരമാക്കും. സമൂഹത്തിൽ ഇതിന്റെ പ്രതിഫലനം ദൃശ്യമാകുമെന്നും റാവു. 10+2 എന്ന സംവിധാനത്തെ 5+3+3+4 എന്നു മാറ്റിയെഴുതുന്നതതോടെ അന്താരാഷ്ട്ര വിദ്യാഭ്യാസ നിലവാരത്തിനനുസൃതമായി മാറും രാജ്യത്തെ വിദ്യാഭ്യാസ സമ്പ്രദായമെന്ന് സംബൽപുർ ഐഐഎം ഡയറക്റ്റർ മഹാദേവ് ജയ്സ്വാൾ പറഞ്ഞു. നമ്മുടെ ഐഐഎമ്മുകളുടെയും ഐഐടികളുടെയും ഇപ്പോഴത്തേ ചെറു ഘടന മൂലം ലോകത്തിലെ ആദ്യ 100 സ്ഥാപനങ്ങളിലൊന്നായി ഇടം പിടിക്കാൻ ഇവയ്ക്കാവുന്നില്ല. സാങ്കേതിക സ്ഥാപനങ്ങളിൽ മെഡിക്കൽ വിദ്യാഭ്യാസത്തിനടക്കം വിഭാഗങ്ങൾ തുറക്കുകയും കൂടുതൽ വിദ്യാർഥികളെ ചേർക്കാനാകുകയും ചെയ്യുന്നതോടെ ഇവ വലുതാകും- ജയ്സ്വാൾ അഭിപ്രായപ്പെട്ടു. വൈദഗ്ധ്യവും വിജ്ഞാനവും ആരോഗ്യകരമായി ചേർത്തിണക്കാൻ നാലു വർഷ ബിരുദ പദ്ധതിക്കു കഴിയുമെന്നു ഡൽഹി സർവകലാശാലാ മുൻ വിസി ദിനേശ് സിങ് അഭിപ്രായപ്പെട്ടു. നേരത്തേ, ഡൽഹി സർവകലാശാലയിൽ നാലു വർഷ ബിരുദം തുടങ്ങാനുള്ള തീരുമാനത്തെത്തുടർന്നു കേന്ദ്ര സർക്കാരിന്റെ അപ്രീതിക്കിരയായിരുന്നു ദിനേശ് സിങ്. ഈ തീരുമാനം അദ്ദേഹം പിന്നീടു പിൻവലിക്കുകയും ചെയ്തു. വിദ്യാഭ്യാസ നയത്തിലെ ചില പരിഷ്കരണങ്ങൾ ഏറെക്കാലമായി ആവശ്യപ്പെടുന്നതാണെന്നും അദ്ദേഹം.

ഉന്നതവിദ്യാഭ്യാസ രംഗത്തെ അനാവശ്യ സങ്കീർണതകൾ നീക്കുന്നതാണ് പുതിയ വിദ്യാഭ്യാസ നയമെന്ന് ഓൾ ഇന്ത്യ മാനെജ്മെന്റ് അസോസിയേഷൻ ഡയറക്റ്റർ ജനറൽ രേഖ സേത്തി പ്രതികരിച്ചു. സ്വകാര്യ, സർക്കാർ സ്ഥാപന ഭേദമില്ലാതെ വിദ്യാർഥികൾക്ക് അവസരമൊരുക്കുമെന്നാണ് സേഥിയുടെ അഭിപ്രായം.

സമഗ്രമെന്നാണ് ജാമിയ മിലിയ വിസി നജ്മ അക്തർ പുതിയ വിദ്യാഭ്യാസ നയത്തെ വിശേഷിപ്പിച്ചത്. ശാസ്ത്രവും മാനവിക വിഷയങ്ങളുമടക്കം എല്ലാ രംഗത്തും ശ്രദ്ധയൂന്നുന്നതാണ് നയമെന്നും എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുമായി ഏക നിയന്ത്രണ സംവിധാനം കൊണ്ടുവരികയെന്നത് മഹത്തായ ആശയമാണെന്നും അവർ പറഞ്ഞു.

എന്നാൽ, നയത്തിലെ ആശയങ്ങൾ എങ്ങനെ പ്രാവർത്തികമാകുന്നു എന്നതിലാണ് കാര്യമെന്ന് ശിവ് നാടാർ സർവകലാശാലാ വിസി രൂപ മഞ്ജരി പ്രതികരിച്ചു. പരിഷ്കരണത്തിന്റെ ലക്ഷ്യം വിദ്യാർഥികളെ ശാക്തീകരിക്കുന്നതും സവിശേഷമായ വൈഭവം പൂർണമായി വികസിപ്പിക്കാൻ സഹായിക്കുന്നതുമായിരിക്കണം. അതിനു പിന്തുണ നൽകുമോ ഈ നയമെന്ന് കാണാനിരിക്കുന്നതേയുള്ളൂ എന്നും രൂപമഞ്ജരി.

വിദ്യാഭ്യാസ നയം കുട്ടികളുടെ കഴിവുകൾ പുറത്തുകൊണ്ടുവരുന്നതിലാണ് ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതെന്നും പുതിയ നയം പക്ഷേ, അവരിലേക്ക് വിജ്ഞാനം പകർന്നു നൽകുന്നതിൽ മാത്രമൊതുങ്ങിയെന്നും ഹെറിറ്റേജ് സ്കൂൾ ഡയറക്റ്റർ വിഷ്ണു കാർത്തിക്കും കുറ്റപ്പെടുത്തി. വിദേശ സർവകലാശാലകളെ ക്യാംപസ് തുടങ്ങാൻ അനുവദിക്കുന്നത് വിദ്യാഭ്യാസ രംഗത്ത് വിദേശ നിക്ഷേപം അനുവദിക്കുന്നതിനു തുല്യമാണെന്നാണ് ഇന്ത്യൻ നാഷണൽ ടീച്ചേഴ്സ് കോൺഗ്രസിന്റെ ആരോപണം. വിദ്യാഭ്യാസമേഖലയ്ക്കു സാമ്പത്തിക സഹായം നൽകുന്നതിൽ നിന്നു സർക്കാർ ഒളിച്ചോടിയെന്ന് ഡൽഹി യൂണിവേഴ്സിറ്റി എക്സിക്യൂട്ടിവ് കൗൺസിൽ അംഗം രാജേഷ് ഝാ കുറ്റപ്പെടുത്തി. ഇതു ഫീസിന്റെ രൂപത്തിൽ പിന്നീടു വിദ്യാർഥികളുടെ ചുമലിൽ വലിയ ഭാരം വരുന്നതിന് വഴിയൊരുക്കമെന്നും രാജേഷ് ഝാ. സ്വയം പര്യാപ്ത സ്കൂൾ സംവിധാനത്തിന് പുതിയ നയം ഒരു പിന്തുണയും നൽകുന്നില്ലെന്നാണ് സേവ് ദി ചിൽഡ്രൻ ഫൗണ്ടേഷൻ വക്താവിന്റെ ആരോപണം. അതേസമയം, വിദ്യാഭ്യാസ രംഗത്തു പണം മുടക്കുന്നതു സർക്കാരിന്റെ മാത്രം ഉത്തരവാദിത്വമായി കാണാനാവില്ലെന്ന് ഫിക്കി കോ ചെയർമാൻ ശിശിർ ജയ്പുരിയ. 2030ലേക്കുള്ള സുസ്ഥിര വികസന ലക്ഷ്യം- 4 കൈവരിക്കണമെങ്കിൽ വിദ്യാഭ്യാസ രംഗത്ത് വലിയ മുതൽ മുടക്ക് വേണ്ടിവരും. ഇതു പൂർണമായി ഏറ്റെടുക്കാൻ ഒരു സർക്കാരുകൾക്കുമാവില്ല. സ്വകാര്യ നിക്ഷേപകർ വരുന്നതോ വിദ്യാഭ്യാസത്തിന്റെ ചെലവ് കുറയുകയും വൈവിധ്യമാർന്ന ആവശ്യങ്ങൾ നിറവേറ്റപ്പെടുകയും ചെയ്യുമെന്ന് ജയ്പുരിയ വിലയിരുത്തി.

വിദ്യാഭ്യാസ നയത്തിനെതിരേ യെച്ചൂരി

ന്യൂഡൽഹി: കേന്ദ്ര മന്ത്രിസഭ അംഗീകരിച്ച ദേശീയ വിദ്യാഭ്യാസ നയം ഇന്ത്യൻ വിദ്യാഭ്യാസ സംവിധാനങ്ങളെ തകർക്കുന്നതെന്നു സിപിഎം ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി. വിദ്യാഭ്യാസത്തിന്റെ കേന്ദ്രീകരണത്തെയും വർഗീയവത്കരണത്തെയും വാണിജ്യവത്കരണത്തെയും പ്രോത്സാഹിപ്പിക്കുന്നതാണ് നയമെന്നും യെച്ചൂരി. നയം പിൻവലിക്കണമെന്ന് ഇടത് ആഭിമുഖ്യമുള്ള ഡൽഹി യൂണിവേഴ്സിറ്റി ടീച്ചേഴ്സ് അസോസിയേഷനും വിദ്യാർഥി സംഘടനകളും ആവശ്യപ്പെട്ടു. പാർലമെന്റിൽ ചർച്ച ചെയ്യാതെ നയം നടപ്പാക്കുന്നത് അംഗീകരിക്കാനാവില്ലെന്നും മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ പേര് വിദ്യാഭ്യാസ മന്ത്രാലയം എന്നു മാറ്റിയത് എതിർക്കപ്പെടേണ്ടതാണെന്നും സിപിഎം പൊളിറ്റ്ബ്യൂറോ പ്രതികരിച്ചു.

യുഎസിൽ കൊവിഡ് മരണം ഒന്നര ലക്ഷം കടന്നു

ന്യൂയോർക്ക്: അമെരിക്കയിൽ കൊവിഡ് ബാധിച്ചു മരിച്ചവരുടെ എണ്ണം ഒന്നര ലക്ഷം പിന്നിട്ടു. ജോൺ ഹോപ്കിൻസ് സർവകലാശാലയുടെ കണക്കിൽ 1,50,034 പേരാണ് ബുധനാഴ്ച വൈകിട്ടുവരെ യുഎസിൽ കൊവിഡ് ബാധിച്ചു മരിച്ചത്. യുഎസിലെ മൊത്തം രോഗബാധിതർ 44 ലക്ഷമായതായും സർവകലാശാല.

അതേസമയം, വേൾഡോമീറ്ററിന്റെ കണക്കനുസരിച്ച് യുഎസിലെ കൊവിഡ് മരണസംഖ്യ 1.53 ലക്ഷമായിട്ടുണ്ട്. 45.68 ലക്ഷം പേർക്ക് യുഎസിൽ കൊവിഡ് ബാധിച്ചതായി അവർ കണക്കുകൂട്ടുന്നു. 25.55 ലക്ഷം പേർക്കു രോഗബാധയുണ്ടായിക്കഴിഞ്ഞ ബ്രസീലാണ് കൊവിഡ് ഏറ്റവും മോശമായി ബാധിച്ച രണ്ടാമത്തെ രാജ്യം. 90,000 പേരിൽ കൂടുതൽ ബ്രസീലിൽ മരിച്ചുകഴിഞ്ഞു. രോഗബാധിതർ 15 ലക്ഷം കടന്ന ഇന്ത്യ മൂന്നാമത്. മരണസംഖ്യയിൽ മൂന്നാം സ്ഥാനത്ത് യുകെയാണ്. 46,000ഓളം പേർ അവിടെ മരിച്ചിട്ടുണ്ട്.

ഇതിനിടെ, വൈറസ് ആദ്യം പൊട്ടിപ്പുറപ്പെട്ട ചൈനയിൽ വീണ്ടും രോഗബാധിതരുടെ എണ്ണം കൂടുകയാണ്. തുടർച്ചയായി രണ്ടാം ദിവസവും നൂറിലേറെ കേസുകൾ രാജ്യത്തു റിപ്പോർട്ട് ചെയ്തതായി ഔദ്യോഗിക വൃത്തങ്ങൾ പറയുന്നു. സിൻജിയാങ്ങിലാണു കൂടുതൽ പുതിയ കേസുകളും കാണുന്നത്.

പ്രതിദിന വർധന 50,000 കടന്നു; രോഗമുക്തി നേടിയവർ 10 ലക്ഷത്തിലേറെ

ന്യൂഡൽഹി: രാജ്യത്ത് ഇതാദ്യമായി കൊവിഡ് കേസുകളിലെ പ്രതിദിന വർധന 50,000 കടന്നു. അവസാന 24 മണിക്കൂറിൽ 52,123 പേർക്കാണു കൊവിഡ് സ്ഥിരീകരിച്ചത്. ഇതോടെ മൊത്തം രോഗബാധിതർ 15,83,792ലെത്തി. ഇതുവരെ രോഗമുക്തരായവരുടെ എണ്ണം പത്തു ലക്ഷം പിന്നിടുകയും ചെയ്തു. ഇപ്പോൾ ചികിത്സയിലുള്ളവർ 5,28,242.

അവസാന 24 മണിക്കൂറിൽ 775 പേർ കൂടി മരിച്ചതായി കേന്ദ്ര ആരോഗ്യ മന്ത്രാലയം വ്യക്തമാക്കി. രാജ്യത്തെ മൊത്തം കൊവിഡ് മരണം 34,968. ഇന്ത്യയിലെ ഇപ്പോഴത്തെ റിക്കവറി നിരക്ക് 64.44 ശതമാനമാണ്. മരണനിരക്ക് 2.21 ശതമാനം. ബുധനാഴ്ച 4.46 ലക്ഷം പേർക്കാണു കൊവിഡ് പരിശോധന നടത്തിയത്.

ഇന്നലെ രാവിലെ അവസാനിച്ച 24 മണിക്കൂറിനിടെ മഹാരാഷ്ട്രയിൽ 298 പേരുടെ മരണമാണു രേഖപ്പെടുത്തിയത്. കർണാടകയിൽ 92, തമിഴ്നാട്ടിൽ 82, ആന്ധ്രപ്രദേശിൽ 65, പശ്ചിമ ബംഗാളിൽ 41, ഉത്തർപ്രദേശിൽ 33, ഡൽഹിയിൽ 26, പഞ്ചാബിൽ 25, ഗുജറാത്തിൽ 24 എന്നിങ്ങനെയാണ് ഒരു ദിവസത്തിനിടയിലെ കൊവിഡ് മരണങ്ങൾ.

മഹാരാഷ്ട്രയിൽ ഇതുവരെ 14,463 പേർ വൈറസ് ബാധിച്ചു മരിച്ചിട്ടുണ്ട്. ഡൽഹിയിൽ 3907 പേരും തമിഴ്നാട്ടിൽ 3741 പേരും ഗുജറാത്തിൽ 2396 പേരും കർണാടകയിൽ 2147 പേരും യുപിയിൽ 1530 പേരും പശ്ചിമ ബംഗാളിൽ 1490 പേരും ആന്ധ്രയിൽ 1213 പേരും ഇതുവരെ മരിച്ചു.

9,200ലേറെ കേസുകളാണ് മഹാരാഷ്ട്രയിൽ അവസാന 24 മണിക്കൂറിനിടെ സ്ഥിരീകരിച്ചത്. ഇതോടെ മൊത്തം രോഗബാധിതർ നാലു ലക്ഷം പിന്നിട്ടു.

സംസ്ഥാനത്ത് രോഗബാധിതർ ആദ്യ ഒരു ലക്ഷത്തിലെത്തിയത് 96 ദിവസം കൊണ്ടാണെങ്കിൽ അവസാന ഒരു ലക്ഷം വെറും 11 ദിവസം കൊണ്ട്. രണ്ടിൽ നിന്നു മൂന്നു ലക്ഷത്തിലെത്തിയത് 14 ദിവസമെടുത്തായിരുന്നു. ഒരു ലക്ഷത്തിൽ നിന്ന് രണ്ടു ലക്ഷത്തിലേക്കു കടന്നത് 22 ദിവസം കൊണ്ടും. 1.46 ലക്ഷം ആക്റ്റിവ് കേസുകളാണ് ഇപ്പോൾ മഹാരാഷ്ട്രയിലുള്ളത്.

തമിഴ്നാട്ടിൽ 2,39,978 കേസുകളാണ് കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ കണക്കിലുള്ളത്.

ഇന്ത്യ ആയുധ മത്സരത്തിനു വഴിയൊരുക്കുന്നു: പാക്കിസ്ഥാൻ

ന്യൂഡൽഹി: പ്രതിരോധത്തിന് ആവശ്യമായതിലുമധികം ആയുധങ്ങളും പ്രതിരോധ സാമഗ്രികളും വാങ്ങിക്കൂട്ടുകയാണ് ഇന്ത്യയെന്നു പാക്കിസ്ഥാൻ. ദക്ഷിണേഷ്യയിൽ ആയുധ മത്സരത്തിന് വഴിയൊരുക്കുകയാണ് ഇന്ത്യ. അന്താരാഷ്ട്ര സമൂഹം ഇടപെട്ട് ഇന്ത്യയെ പിന്തിരിപ്പിക്കണമെന്നും പാക് വിദേശകാര്യ മന്ത്രാലയം ആവശ്യപ്പെട്ടു. ഇന്ത്യ വാങ്ങിയ റഫാൽ യുദ്ധവിമാനങ്ങളുടെ ആദ്യ സംഘം അംബാല വ്യോമതാവളത്തിലെത്തിയതിനോടു പ്രതികരിക്കുകയായിരുന്നു പാക് അധികൃതർ. ദക്ഷിണേഷ്യയിൽ വ്യോമസേനകളുടെ ശാക്തിക സന്തുലനത്തെ മാറ്റുന്നതാണ് റഫാലുകളെന്നാണ് പ്രതിരോധ വിദഗ്ധരുടെ വിലയിരുത്തൽ. 1997ൽ സുഖോയ് യുദ്ധവിമാനങ്ങൾ റഷ്യയിൽ നിന്നു വാങ്ങിയശേഷം ആദ്യമായാണ് ഇന്ത്യ വ്യോമസേനയ്ക്കായി വിമാനം വാങ്ങുന്നത്. പാക്കിസ്ഥാന്റെ എഫ് 16, ചൈനയുടെ ജെ 20 വിമാനങ്ങളെക്കാൾ മികവുറ്റതാണ് റഫാൽ വിമാനങ്ങൾ.

റഫാൽ: എന്തുകൊണ്ട് അംബാല

ന്യൂഡൽഹി: വ്യോമസേനയുടെ പോർവിമാനവ്യൂഹത്തെ നയിക്കാനെത്തിയ റഫാൽ വിമാനങ്ങളുടെ ആദ്യ സ്ക്വാഡ്രൻ ഹരിയാനയിലെ അംബാല വ്യോമതാവളത്തിലെന്നു നിശ്ചയിക്കപ്പെട്ടത് തന്ത്രപരവും ചരിത്രപരവുമായ കാരണങ്ങളാൽ. സ്വതന്ത്ര ഇന്ത്യയിൽ വ്യോമസേനയുടെ ആദ്യ താവളമാണ് അംബാലയിലേത്. ചൈന, പാക്കിസ്ഥാൻ അതിർത്തികളിലേക്ക് ഇവിടെ നിന്ന് തുല്യദൂരമെന്നതും അംബാലയുടെ തന്ത്രപരമായ പ്രാധാന്യം വർധിപ്പിക്കുന്നു.

ഒന്നാം ലോകയുദ്ധത്തിനു ശേഷം ബ്രിട്ടിഷ് റോയൽ എയർഫോഴ്സിന്റെ 99ാം സ്ക്വാഡ്രൻ ആസ്ഥാനമാക്കിയത് അംബാലയെയായിരുന്നു. വ്യോമസേനയുടെ ചരിത്രത്തിൽ പിന്നീട് തിരിഞ്ഞുനോക്കേണ്ടിവന്നിട്ടില്ല ഈ നഗരത്തിന്.

1947നുശേഷം കാർഗിൽ യുദ്ധമുൾപ്പെടെ പാക്കിസ്ഥാനുമായുണ്ടായ യുദ്ധങ്ങളിലെല്ലാം നിർണായക പങ്കുവഹിച്ചിരുന്നു അംബാല വ്യോമതാവളം. ബാലാക്കോട്ട് വ്യോമാക്രമണത്തിനും ചുക്കാൻ പിടിച്ചത് ഈ വ്യോമതാവളമായിരുന്നു. രാജ്യത്തെ പരമോന്നത സൈനിക ബഹുമതിയായ പരംവീര ചക്ര ലഭിച്ച ഏക സ്ക്വാഡ്രനും (18ാം സ്ക്വാഡ്രൻ) അംബാലയിലേതാണ്. ഫ്രഞ്ച് നിർമിത മിസ്റ്റാറി, ജാഗ്വാർ, മിഗ് 21 ബൈസൺ തുടങ്ങിയ വിമാനങ്ങൾ വാങ്ങിയപ്പോഴും ആദ്യ താവളം അംബാലയായിരുന്നു.

ശത്രുരാജ്യങ്ങളുടെ ആക്രമണങ്ങളെ തടയാൻ ബഹുതല സുരക്ഷയും മുന്നറിയിപ്പു സംവിധാനങ്ങളുമേർപ്പെടുത്തിയിട്ടുണ്ട് അംബാല വ്യോമതാവളത്തിൽ. 1965ലെ യുദ്ധത്തിൽ പാക്കിസ്ഥാന്റെ ബി 57 ബോംബർ വിമാനങ്ങൾ അംബാല വ്യോമതാവളം ആക്രമിച്ചിരുന്നു. എന്നാൽ, സൈനികാവശ്യത്തിനുള്ളതല്ലാത്ത കെട്ടിടങ്ങൾക്കു മാത്രമാണ് തകരാറുണ്ടായത്.

ആറു പതിറ്റാണ്ടിലേറെയായി രാജ്യത്തിന്റെ അഭിമാന വ്യോമതാവളമായ അംബാലയിൽ എല്ലാ വിധ അടിസ്ഥാന സൗകര്യവുമുണ്ട്. അതുകൊണ്ടുതന്നെ റഫാലിനെ സ്വീകരിക്കാൻ പുതുതായി ഒരു സംവിധാനവും ഏർപ്പെടുത്തേണ്ടി വന്നില്ല.

കേരള സംസ്ഥാന ഭാഗ്യക്കുറി

ഫോൺ: ഡയറക്ടർ 0471-2305230, ഓഫീസ് 2305193, ഫാക്സ് 2301740
www.kerala.gov.in www.keralalotteries.com

കാരുണ്യ പ്ലസ് KN-327 നറുക്കെടുപ്പ് Held on 30/07/2020
AT GORKY BHAVAN, NEAR BAKERY, JUNCTION, THIRUVANANTHAPURAM

ഒന്നാം സമ്മാനം 80 ലക്ഷം രൂപ PP 252755 (KANNUR)

സമാശ്വാസ സമ്മാനം 8000 രൂപ
PN 252755 PO 252755 PR 252755 PS 252755
PT 252755 PU 252755 PV 252755 PW 252755
PX 252755 PY 252755 PZ 252755

2-ാം സമ്മാനം 10 ലക്ഷം രൂപ PW 263991 (PALAKKAD)

3-ാം സമ്മാനം 1 ലക്ഷം രൂപ
PN 213015 (KOLLAM) PO 292492 (PALAKKAD) PP 575485 (ERNAKULAM) PR 285009 (PATHANAMTHITTA)
PS 228970 (THIRUVANANTHAPURAM) PT 154401 (ERNAKULAM) PU 464532 (ERNAKULAM) PV 334368 (WAYANAD)
PW 222405 (PATHANAMTHITTA) PX 558764 (PALAKKAD) PY 104905 (KANNUR) PZ 459072 (MALAPPURAM)

താഴെ പറയുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റു